**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തു നികുതി, കുടിശ്ശിക സഹിതം ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് 31/03/2020 വരെ പിഴ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.414/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം. 18.02.2020

പരാമർശം: 1) സ.ഉ.(സാധാ)നം.273/2019/തസ്വഭവ തീയതി 08.02.2019.
2) സ.ഉ.(സാധാ)നം.474/2019/തസ്വഭവ തീയതി 01.03.2019.
3) സ.ഉ.(സാധാ)നം.540/2019/തസ്വഭവ തീയതി 06.03.2019.

**ഉത്തരവ്**

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2020 മാർച്ച് 31ന് മുമ്പായി വസ്തു നികുതി കുടിശ്ശിക മുഴുവനും പിരിച്ചെടുക്കേണ്ടതുണ്ട്. പിഴ ഒഴിവാക്കി നൽകിയാൽ നികുതി പിരിവ് കാര്യക്ഷമമാകുമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചത് കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ വസ്തു നികുതി കുടിശ്ശിക വരുത്തിയവർക്ക് 1994-ലെ കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 538(2), കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 209(ഇ) എന്നിവയിലെ വ്യവസ്ഥകൾ ഇളവ് ചെയ്ത്, നാളിതുവരെയുള്ള വസ്തുനികുതി, കുടിശ്ശിക സഹിതം ഒറ്റത്തവണയായി അടയ്ക്കുന്നപക്ഷം 31/03/2020 വരെ പിഴ ഒഴിവാക്കി ഉത്തരവാകുന്നു.

ഈ ഉത്തരവ് സംബന്ധിച്ച് നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും വ്യാപകമായ പ്രചാരണം നടത്തേണ്ടതും 2019-2020 വരെയുള്ള വസ്തുനികുതി, കുടിശ്ശിക സഹിതം, പിരിച്ചെടുക്കേണ്ടതുമാണ്.

താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. വസ്തുനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻപേരും സ്ഥാപന ഉടമസ്ഥരും, (സർക്കാർ/ അർദ്ധ സർക്കാർ/ സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപന മേധാവികൾ ഉൾപ്പെടെ) പിഴ ഒഴിവാക്കൽ ആനുകൂല്യം പ്രയോജനപ്പെടുത്തി കുടിശ്ശിക സഹിതമുള്ള വസ്തു നികുതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണ്.
2. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207 പ്രകാരമോ കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 235 പ്രകാരമോ സർക്കാരിന്റെ പ്രത്യേക ഉത്തരവ് പ്രകാരമോ വസ്തു നികുതി ഇളവ് ലഭിക്കാത്ത എല്ലാ സർക്കാർ/ അർദ്ധ സർക്കാർ / സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും അനുബന്ധ സ്ഥാപനങ്ങളും വസ്തു നികുതി അടയ്ക്കേണ്ടതാണ്. വസ്തു നികുതി, കുടിശ്ശിക സഹിതം യഥാസമയം അതതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അടയ്ക്കുന്നുവെന്ന് സ്ഥാപനമേധാവികൾ ഉറപ്പു വരുത്തേണ്ടതാണ്. വകുപ്പ് മേധാവികൾ ഇത് സംബന്ധിച്ച കർശന നിർദ്ദേശം അടിയന്തരമായി നൽകേണ്ടതാണ്.
3. 100 ശതമാനം നികുതി പിരിവ് ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഊർജ്ജിത നികുതിപിരിവ് ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. പ്രവർത്തനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി

ഡയറക്ടർമാർ / നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർ ഏകോപിപ്പിയ്ക്കേണ്ടതാണ്.

4. വസ്തുനികുതി/തൊഴിൽ നികുതി/ലൈസൻസ് ഫീസ് തുടങ്ങിയവ സംബന്ധിച്ച് പൊതുജനങ്ങൾക്കും സ്ഥാപന ഉടമകൾക്കുമുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഡെപ്യൂട്ടി ഡയറക്ടർമാർ / നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർ ഓഫീസുകളിലും ഹെൽപ്പ്ഡെസ്ക് തുടങ്ങേണ്ടതും വിളിയ്ക്കേണ്ട ഫോൺ നമ്പർ മാദ്ധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിയ്ക്കേണ്ടതുമാണ്. ഇതുസംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ജില്ലാതല / മേഖലാതല ഓഫീസുകളിലേയും നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിയ്ക്കേണ്ടതാണ്.
5. നികുതിദായകർക്ക് ആവശ്യമായ ബോധവത്ക്കരണം നൽകേണ്ടതും ചട്ടപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽതന്നെ പരിഹരിക്കാവുന്ന പരാതികൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുമാണ്.

പിഴ ഒഴിവാക്കൽ ആനുകൂല്യം 31.03.2020 ന് ശേഷം അനുവദിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത.എസ്.ഡി**

ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി മാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (എഫ് എം) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (ആർ ഡി) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ആർസി.2/388/2017/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ